**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **05-12-2022 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവം മൂലം സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുണ്ടാകുന്ന അമിത ജോലിഭാരം, ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലെ നിയമന പ്രക്രിയകളിലെ സങ്കീർണ്ണതകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയം, പി.എസ്.സി. നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് എന്നിവ മൂലം ചിലയിടങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നുണ്ട്. നിലവിലുള്ള മാനവവിഭവശേഷി പരമാവധി ഉപയോഗിച്ചും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും, ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചും പ്രസ്തുത കാലതാമസത്തിന് പരിഹാരം കാണുന്നതിന് ശ്രമിക്കുന്നുണ്ട്. |
| (ബി) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലും മൊകേരി പഞ്ചായത്തിലും ഓവർസിയർമാരുടെ ഒഴിവ് നികത്തുന്ന കാര്യം പരിശോധിക്കുമോ; അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ; | (ബി) | നിലവിൽ ഓവർസിയർ തസ്തികകളുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടു ള്ളതിനാൽ പ്രസ്തുത ലിസ്റ്റിൽ നിന്നും പരമാവധി വേഗത്തിൽ പാനൂർ നഗരസഭ, മൊകേരി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | തദ്ദേശ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നമ്പർ നൽകൽ തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നമ്പർ നൽകൽ തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സങ്കേതം സോഫ്റ്റ് വെയർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ നടപ്പിലാക്കി യിട്ടുണ്ട്. കൂടാതെ, എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓൺലൈൻ സംവിധാനമായ ഐ.എൽ.ജി.എം.എസ് നടപ്പിലാക്കി വരുന്നു. പെർമിറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി 30 ദിവസം എന്നുള്ളത് 15 ആക്കി കുറച്ചിട്ടുണ്ട്. നഗരസഭകളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതവും സുതാര്യവുമായി കൈകാര്യം ചെയ്യുന്നതിന് ഐ.ബി.പി.എം.എസ് സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും (കോഴിക്കോട് നഗരസഭയിൽ സുലേഖ സോഫ്റ്റ് വെയർ) കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ പ്രകാരം ലോ റിസ്ക് കാറ്റഗറിയിൽ ഉള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഐ ബി പി എം എസ് മുഖേന പ്രോസസ് ചെയ്തു വരികയും ആണ്. കൂടാതെ, എല്ലാ വിഭാഗം ഒക്യുപൻസിയിലും ഉള്ള കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള അപേക്ഷകൾ 8 നഗരസഭകളിൽ (തിരുവനന്തപുരം, കൊച്ചി, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, ഗുരുവായൂർ, ആലപ്പുഴ) ഐ ബി പി എം എസ് മുഖേന കൈകാര്യം ചെയ്തു വരുകയുമാണ്. തുടർന്ന് മറ്റു നഗരസഭകളിലേക്കും ഈ സംവിധാനം വ്യാപിപ്പിക്കുകയാണ്. |

സെക്ഷൻ ഓഫീസർ